# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 2205/11/12/2024/**

പരാതികക്ഷി: അനു.വി,നാട്ടുകൂട്ടം.

എതിർകക്ഷികൾ

**ഉത്തരവ് തീയതി 07.11.2025**

കേരളത്തിലെ തെക്കൻ പ്രദേശത്തെ പ്രധാന ജലസ്രോതസായ എവിഎം കനാലിലേക്ക് റിസോർട്ടുകളിൽ നിന്നും മലിനജലം ഒഴുക്കിവിടുന്നതായും, നാട്ടുകാർ ഇത് സംബന്ധിച്ച് പരാതിപ്പെട്ടിട്ട് നടപടിയൊന്നും ഉണ്ടായിട്ടില്ല എന്നും, രൂക്ഷമായ ദുർഗന്ധമാണ് കനാലിലെ വെള്ളത്തിനെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 04.06.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പൊഴിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ ഭൗതിക പരിശോധനയിൽ എ വി എം കനാൽ മലിനപ്പെട്ടിരിക്കുന്നത് ആയി പ്രാഥമിക പരിശോധനയിൽ ബോധ്യമായതായും, വെള്ളത്തിന് നിറ വ്യത്യാസവും ദുർഗന്ധവും ഉള്ളതായും മീനുകൾ ചത്തുപൊങ്ങുന്നതായും റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത് പരിധിയിലുള്ള റിസോർട്ടുകളുടെ സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ പ്ലാൻ സ്കെച്ച് മുതലായ രേഖകൾ ഹാജരാക്കുവാനും അല്ലാത്തപക്ഷം ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റിസോർട്ട് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.
ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധനയ്ക്ക് ആവശ്യമായ സാങ്കേതിക സംവിധാനം നിലവിൽ പഞ്ചായത്തിന് ലഭ്യമല്ലാത്ത സാഹചര്യമാണെന്നും ആയതിനാൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും മാലിന്യം പുഴയിലേക്ക് ഒഴുക്കിവിടുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് പ്രതിപാദിക്കുന്നുണ്ട്.

3. പരാതി പരിഗണനയ്ക്കെടുത്ത 07.11.2025 തീയതി ഹർജികക്ഷിയുടെ പ്രതിനിധി ഹാജരായി ആക്ഷേപം സമർപ്പിച്ചു. പൊഴി തുറക്കുന്ന സമയത്താണ് റിസോർട്ടുകളിൽ നിന്നുള്ള റ്റോയിലെറ്

മാലിന്യങ്ങൾ നദിയിലേയ്ക്ക് ഒഴുക്കിവിടുന്നതെന്നും ആ സമയത്ത് പരിശോധന നടത്തിയാൽ ഇക്കാര്യം ബോധ്യമാകുമെന്നും ടിയാൻ പറയുകയുണ്ടായി.

4. എ വി എം കനാലിലേക്ക് ശൗചാലയ മാലിന്യം ഉൾപ്പെടെയുള്ള മലിനജലം ഒഴുക്കി വിട്ട് മലിനപ്പെട്ടിരിക്കുന്നതായി ഗ്രാമപഞ്ചായത്ത് അധികൃതർക്കും ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യം പുഴയിലേയ്ക്ക് ഒഴുക്കി വിടുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ